## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1360 — 15.06.2012 ൽ മറുപടി നല്കേണ്ടിയിരുന്നത്

### കാർഷികോത്പാദനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.റ്റി. ബൽറാം | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാർഷികോത്പാദനം ആനുപാതിക മായും കാലാനുസൃതമായും വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടി കളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) കാർഷിക മേഖലയുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>a) കേരളത്തിന്റെ ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കി നെൽകൃഷി, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ, ധാന്യം എന്നിവയുടെ ഉത്പാദന വർദ്ധനവിനായി ഒരു സംയോജിത കാർഷിക വികസന പദ്ധതി നടപ്പിലാക്കാനായി 100 കോടി രൂപ വിലയിരുത്തിയിട്ടുണ്ട്.<br><br>b) നാളീകേരത്തിന്റെ ഉത്പാദനം, മൂല്യവർദ്ധന, വിപണി എന്നിവ ശക്തിപ്പെടുത്തി നാളികേര കൃഷി ലാഭകരമാക്കുന്നതിനും, ന്യായമായ വില ഉറപ്പുവരുത്തുന്നതിനുമായി ഒരു സമഗ്ര നാളികേര വികസന പദ്ധതി നടപ്പിലാക്കും.<br><br>c) ചെറുകിട നാമമാത്ര തെങ്ങ് കർഷകർക്ക് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വേണ്ടി നാളികേര ഉത്പാദക സംഘങ്ങൾ രൂപീകരിക്കും. സംസ്ഥാനതലത്തിൽ ഒരു ഫെഡറേഷനും രൂപീകരിക്കുന്നതാണ്.<br><br>d) നാളീകേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന പുതിയ യൂണിറ്റുകൾക്ക് മൂലധന ചെലവിന്റെ 25%തുക (പരമാവധി 25 ലക്ഷം രൂപ) സബ്സിഡിയായി നൽകുന്നതാണ്. |

e) ജൈവകൃഷി പ്രോത്സാഹനത്തിനായി 10 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കും.

f) കൃഷി വകപ്പിന്റെ കീഴിലുള്ള ആനയറ, വേങ്ങേരി എന്നീ മൊത്ത വ്യാപാര വിപണികൾ അഗ്രി സൂപ്പർമാളുകളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതാണ്.

g) പഴം, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, കശുവണ്ടി, കൊക്കോ, സുഗന്ധ വിളകൾ എന്നിവയുടെ വികസന പദ്ധതികൾക്കായി എസ്.എച്ച്.എം.-ന് 11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

h) 1 കോടി രൂപ ചെലവഴിച്ച് കൈതച്ചക്കയുടെ ഉത്പാദനം, സംസ്കരണം, വിതരണം, കയറ്റുമതി എന്നിവയെ ലക്ഷ്യമാക്കി ഒരു "പൈനാപ്പിൾ മിഷൻ" ആരംഭിക്കുന്നതാണ്.

i) സുഗന്ധവിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ, എന്നീ വിളകളുടെ വികസനത്തിനായി 19.00 കോടി രൂപയുടെ പദ്ധതി.

കാർഷിക മേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

a) പച്ചക്കറി കൃഷിക്കു വേണ്ടി "ഹൈടെക്" പോളിഹൗസ് കൃഷി രീതി വ്യാപകമായി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.

b) കുട്ടനാട്, പാലക്കാട് മേഖലയിൽ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി "റൈസ്ബയോ പാർക്ക്" സ്ഥാപിക്കും.

c) നാളികേര ഉത്പാദനം രണ്ടിരട്ടിയായി വർദ്ധിപ്പിക്കുവാൻ "നാളികേര ബയോപാർക്കുകൾ" സ്ഥാപിക്കും

| | | | |
|---|---|---|---|
| (ബി) | കാർഷിക വിളകളുടെ ഉത്പാദനത്തിൽ എത്രമാത്രം വർദ്ധനവാണ് ഈ വർഷം ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 2012-13 വർഷത്തിൽ പ്രധാനപ്പെട്ട വിളകൾക്ക് ലക്ഷ്യമിടുന്ന ഉല്പാദന വർദ്ധനവ് ചുവടെ ചേർക്കുന്നു<br>നെല്ല് - 1.00 ലക്ഷം ടൺ<br>നാളികേരം - 500 ദശലക്ഷം നാളികേരം<br>പച്ചക്കറി - 1.25 ലക്ഷം ടൺ |

| | | | |
|---|---|---|---|
| (സി) | ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം പൂർണ്ണമായും നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | 2012-13 ലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള അനുമതി ലഭ്യമായി തുടങ്ങിയിട്ടേയുള്ളൂ. |
| (ഡി) | തരിശുനിലങ്ങളിൽ പുതുതായി കൃഷി ചെയ്യുന്നതിന് എത്ര ധനസഹായമാണ് നൽകുന്നതെന്ന് വ്യക്ത മാക്കാമോ? | (ഡി) | തരിശു നിലങ്ങളിൽ കൃഷി ചെയ്യുന്നതിന് നടപ്പു സാമ്പത്തിക വർഷം RKVY പദ്ധതി പ്രകാരം ഹെക്ടറിന് 25,000 - 35,000 രൂപ വരെ ധനസഹായമായി നൽകുന്നു. നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗ വിളകൾ എന്നിവയാണ് തരിശുനിലങ്ങളിൽ കരാറടിസ്ഥാനത്തിൽ കൃഷി ചെയ്യുവാൻ ധനസഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ